**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2642** **22-01-2021 - ൽ മറുപടിയ്ക്ക്**

**കോട്ടത്തറ ട്രൈബൽ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | 2017-ൽ അട്ടപ്പാടി കോട്ടത്തറ ട്രൈബൽ ആശുപത്രി ഉദ്ഘാടനം ചെയ്തിട്ടും ഇവിടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | അട്ടപ്പാടി ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തു ന്നതിന്റെ ഭാഗമായി 100 കിടക്കകൾ കൂടി സജ്ജീകരിച്ച് കൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ അത്യാഹിത വിഭാഗം, ലാബ്, എക്സ്-റെ, വെന്റിലേറ്റർ, ഡഫിബ്രിലേറ്റർ സൗകര്യത്തോട് കൂടിയുള്ള ഐ.സി.യു, സ്കാനിംഗ് സൗകര്യം, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് സൗകര്യം, ആംബുലൻസ് സൗകര്യം എന്നിവയും നിലവിലുണ്ട്. കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ അധികമായി ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | ആദിവാസി, ശിശു മരണങ്ങൾ തുടർക്കഥയായിട്ടും കോട്ടത്തറ ട്രൈബൽ ആശുപത്രിയോടുള്ള അവഗണന പരിഹരിക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സർക്കാർ സംവിധാനങ്ങളുടെ തുടർച്ചയായതും കൂട്ടായതുമായ ഇടപെടലുകൾ കാരണം ശിശുമരണങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനു പുറമെ പട്ടികവർഗ വികസന വകുപ്പിന്റെ ജനനി ജന്മരക്ഷ പദ്ധതി പ്രകാരം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ ശിശുവിന് ഒരു വയസ്സാകുന്നതു വരെ പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനായി പ്രതിമാസം 2000/- രൂപ നിരക്കിൽ ജനനി ജന്മരക്ഷ എന്ന പദ്ധതി നടപ്പിലാക്കുന്നു. ഗർഭാവസ്ഥയിലും നവജാത ശിശുക്കൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നടത്തണമെന്ന് ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി യിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി 28.03.2017-ലെ ജി.ഒ(ആർ.റ്റി) നം.862/2017/പജ.പവ.വിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2018-19 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ |

| | | | |
|---|---|---|---|
| | | | നിന്നും 1,80,00,000/- രൂപ (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രിയിൽ കഴിഞ്ഞിരുന്ന പട്ടികവർഗ്ഗ രോഗികളുടെ ചികിത്സക്കായി 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ആകെ 7,55,00,000/- രൂപയും (ഏഴ് കോടി അൻപത്തിയഞ്ച് ലക്ഷം രൂപ മാത്രം) പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ